**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2223** **16-03-2022 - ൽ മറുപടിയ്ക്ക്**

**പി.പി.ഇ. കിറ്റ് - സാൻ ഫാർമ കമ്പനിയുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെൻറ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 29.03.2020 തീയതിയിൽ സർക്കാരിന് പി.പി.ഇ. കിറ്റ് നൽകാമെന്ന് കാണിച്ച ഇ-മെയിൽ നല്കിയ മഹാരാഷ്ട്രയിലെ സോളാപ്പൂർ ജില്ലയിലെ എം/എസ് സാൻ ഫാർമ എന്ന സ്ഥാപനം പി.പി.ഇ. കിറ്റുകൾ നിർമിക്കുന്ന സ്ഥാപനമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | പി.പി.ഇ. കിറ്റ് ഓർഡർ നൽകുന്നതിനു മുന്നോടിയായി കമ്പനിയുടെ വിശദാംശങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആരായുകയും കേന്ദ്ര സർക്കാർ ഏജൻസികളായ ഹിന്ദുസ്ഥാൻ ആന്റിബയോട്ടിക് ലിമിറ്റഡ്, എച്ച്.എൽ.എൽ ലൈഫ് കെയർ, ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്, കർണാടക ആന്റിബയോട്ടിക്സ് എന്നീ സ്ഥാപനങ്ങൾക്ക് തങ്ങൾ പി.പി.ഇ കിറ്റ് വിതരണം ചെയ്തു വരുന്നുണ്ടെന്ന് സാൻ ഫാർമ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സാൻ ഫാർമയിൽ നിന്നും 50,000 പി.പി.ഇ. കിറ്റുകൾക്ക് പകരം ആദ്യ ഘട്ടത്തിൽ 15,000 പി.പി.ഇ. കിറ്റ് വാങ്ങിയാൽ മതി എന്ന തീരുമാനം എടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | സാൻ ഫാർമ എന്ന വിതരണക്കാരൻ ഓഫർ ചെയ്തതിനേക്കാൾ കുറഞ്ഞ നിരക്കിൽ ടി ഇനം ലഭ്യമാക്കുവാൻ സംസ്ഥാനത്തിനകത്തെ ഒരു ഉല്പാദന കേന്ദ്രം തയ്യാറായി വന്ന സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനിച്ചത്. |
| (സി) | എം/എസ് സാൻ ഫാർമ എന്ന സ്ഥാപനത്തിന് ലോകോത്തര നിലവാരമുള്ള യൂറോപ്യൻ കമ്മീഷൻ സർട്ടിഫൈ ചെയ്തതായി അവർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച രേഖകൾ സർക്കാരിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | പർച്ചേയ്സുകൾ കെ.എം.എസ്.സി.എൽ നേരിട്ടാണ് നടത്തുന്നത്. യൂറോപ്യൻ കമ്മീഷൻ (സി.ഇ) സർട്ടിഫൈ ചെയ്തിട്ടുള്ള പി.പി.ഇ കിറ്റുകളാണ് M/s സാൻ ഫാർമയിൽ നിന്ന് കെ.എം.എസ്.സി.എൽ സംഭരിച്ചത് എന്നാണ് 22/04/2020 ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി സർട്ടിഫൈ ചെയ്തത്. പ്രസ്തുത പി.പി.ഇ കിറ്റിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്. |
| (ഡി) | കേന്ദ്രസർക്കാർ ഏജൻസികളായ ഹിന്ദുസ്ഥാൻ ആന്റിബയോട്ടിക് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് പത്ത് കൊല്ലത്തിലധികമായി പി.പി.ഇ. കിറ്റ് നൽകുന്ന സ്ഥാപനമാണ് എം/എസ് സാൻ ഫാർമ എന്ന് അവർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇത് | (ഡി) | പർച്ചേയ്സുകൾ കെ.എം.എസ്.സി.എൽ നേരിട്ടാണ് നടത്തുന്നത്. യൂറോപ്യൻ കമ്മീഷൻ (സി.ഇ) സർട്ടിഫൈ ചെയ്തിട്ടുള്ള പി.പി.ഇ കിറ്റുകളാണ് M/s സാൻ ഫാർമയിൽ നിന്ന് കെ.എം.എസ്.സി.എൽ സംഭരിച്ചത് എന്നാണ് 22/04/2020 ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി |

| | | | |
|---|---|---|---|
| | സംബന്ധിച്ച രേഖകൾ സർക്കാരിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | | സർട്ടിഫൈ ചെയ്തത്. പ്രസ്തുത പി.പി.ഇ കിറ്റിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ